I ഇ.ബി. XV- കേരള നിയമസഭ/XI-8

**പതിനഞ്ചാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2024 ജൂൺ 25, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

30(*211) മത്സ്യ വിഭവ മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) നൽകിയ മറുപടിയിൽ, സമുദ്ര മത്സ്യബന്ധനത്തിന്റെ ഫലപ്രദമായ നടത്തിപ്പിനും നിരീക്ഷണത്തിനും സുസ്ഥിരമായി മത്സ്യസമ്പത്ത് പരിപാലിക്കുന്നതിനുമായി മത്സ്യവിഭവ മാനേജ്മെന്റ് കൗൺസിലുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 1980-ലെ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ടിൽ (കെ.എം.എഫ്.ആർ.എ) ഭേദഗതി വരുത്തി ത്രിതല സംവിധാനമായി രൂപീകരിച്ച ടി കൗൺസിലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് 2024-25 സാമ്പത്തിക വർഷത്തിൽ

44 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാന/ജില്ലാതലങ്ങളിലും 211 മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ചും ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ നിശ്ചിത ഇടവേളകളിൽ യോഗങ്ങൾ ചേർന്ന് തീരുമാനങ്ങൾ നടപ്പിലാക്കിവരുന്നു. ജില്ല/വില്ലേജുതല കൗൺസിലുകളിലെ അംഗങ്ങളെ ഉൾപ്പെടുത്തി മേഖലാതല സെമിനാറുകൾ സംഘടിപ്പിക്കാനും മത്സ്യസമ്പത്തിന്റെ സംരക്ഷണം ഉറപ്പാക്കുന്നതിന് മത്സ്യത്തൊഴിലാളികൾക്കും പൊതുജനങ്ങൾക്കും അവബോധം സൃഷ്ടിക്കുന്നതിനായി വിവിധതരം ബ്രോഷറുകളും ലഘു വീഡിയോകളും തയ്യാറാക്കി പ്രദർശിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും 'Marine Fishing Practices' എന്ന പരിപാടിയിലൂടെ 540 മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകുകയും സുസ്ഥിര മത്സ്യബന്ധനം, മത്സ്യത്തൊഴിലാളികളുടെ സുരക്ഷ എന്നിവ സംബന്ധിച്ച് 2519 മത്സ്യത്തൊഴിലാളികൾക്കായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യ വിഭവ മാനേജ്മെന്റ് കൗൺസിൽ 11 മത്സ്യഗ്രാമങ്ങളിൽകൂടി രൂപീകരിക്കുന്നതാണ്. മത്സ്യവിഭവ സംരക്ഷണവുമായി ബന്ധപ്പെട്ട് നൂതന പദ്ധതികളാവിഷ്കരിച്ച്

നടപ്പാക്കുകയും കൃത്രിമ പാരുകൾ സ്ഥാപിക്കുന്ന പദ്ധതി വ്യാപിപ്പിക്കുകയും ചെയ്യുന്നതാണ്. ഭാഗ്യചിഹ്നമായി ഡോൾഫിനെ തിരഞ്ഞെടുത്ത് മത്സ്യത്തൊഴിലാളികളിൽ ബോധവൽക്കരണം നടത്തുന്നതിന് പദ്ധതികളാവിഷ്കരിച്ചിട്ടുണ്ടെന്നും തീരസദസ്സിൽ ലഭിച്ച 90 ശതമാനത്തിലധികം പരാതികൾ പരിഹരിക്കപ്പെട്ടിട്ടുണ്ടെന്നും കഴിഞ്ഞ ഏഴ് വർഷങ്ങൾക്കുള്ളിൽ 12,000 കോടി രൂപ മത്സ്യത്തൊഴിലാളി മേഖലയിൽ ചെലവഴിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

31(*212) കാട്ടുമൃഗങ്ങളുടെ ആക്രമണം തടയുന്നതിന് ഫലപ്രദമായ നടപടികൾ

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) നൽകിയ മറുപടിയിൽ, മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി ഏർളി വാണിംഗ് സിസ്റ്റം, രാത്രികാല പട്രോളിംഗ്, Animal Intrusion Detection and Repellent (ANIDERS) Alarm സിസ്റ്റം, 'സർപ്പ' മൊബൈൽ ആപ്ലിക്കേഷൻ തുടങ്ങിയ വിവിധ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. കൂടാതെ ജനവാസമേഖലകളിലും വിനോദസഞ്ചാര മേഖലകളിലും അപകട

മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും മനുഷ്യ-വന്യജീവി സംഘർഷം കൂടുതലുള്ള മേഖലകളിൽ വാച്ചർമാരെ നിയോഗിച്ച് നിരീക്ഷണം ശക്തമാക്കുകയും കാടിറങ്ങുന്ന വന്യമൃഗങ്ങളെ ഫലപ്രദവും ശാസ്ത്രീയവുമായ രീതിയിൽ സുരക്ഷിതമായി മടക്കി അയയ്ക്കുകയും ചെയ്തുവരുന്നുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതലുള്ള സ്ഥലങ്ങളിൽ ആർ.ആർ.റ്റി.-യുടെ സേവനം ഉറപ്പുവരുത്തുകയും ഇത്തരത്തിൽ വിവിധ വനം ഡിവിഷനുകളിലായി 28 ആർ.ആർ.റ്റി-കൾ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. വനത്തിനകത്ത് കുളങ്ങൾ, തടയണകൾ എന്നിവ നിർമ്മിച്ച് മൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. വനാതിർത്തികളിൽ സൗരോർജ്ജ വേലി, ട്രഞ്ച്, ജൈവ വേലികൾ എന്നിവ നിർമ്മിക്കുകയും നബാർഡ് ആർ.ഐ.ഡി.എഫ്., പദ്ധതികളിലുൾപ്പെടുത്തി അവ കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനുള്ള പദ്ധതി തയ്യാറാക്കുകയും വനസംരക്ഷണ/ജനജാഗ്രത സമിതികളിലൂടെ പൊതുജനങ്ങളിൽ ബോധവത്ക്കരണം നടത്തുകയും ചെയ്യുന്നുണ്ട്. ജനവാസമേഖലയോട് ചേർന്നുള്ള പ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്ത ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വന്യജീവികളുടെ വംശവർദ്ധന നിയന്ത്രിക്കാനുതകുന്ന വിധത്തിൽ വനം-

വന്യജീവി സംരക്ഷണ നിയമം ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതാണെന്നും വന്യജീവി പരിപാലന കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

32(*213) മത്സ്യബന്ധന മേഖലയിൽ നൂതന സാങ്കേതിക വിദ്യ

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) നൽകിയ മറുപടിയിൽ, മത്സ്യബന്ധനം ലാഭകരവും സുഗമവുമാക്കുന്നതിന് നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. മത്സ്യബന്ധനം ലാഭകരമാക്കുന്നതിന് പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ നൽകുന്ന പദ്ധതി, മത്സ്യബന്ധന യാനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സുസ്ഥിര മത്സ്യബന്ധന സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി പെട്രോൾ/എൽ.പി.ജി തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകളും ഫിഷ് ബോക്സുകളും നൽകുന്ന പദ്ധതി, സ്ക്വയർ മെഷ് കോഡ് എൻഡ്, Turtle Excluder Device (TED) വിതരണം ചെയ്യുന്ന പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നുണ്ട്. 500 പരമ്പരാഗത മത്സ്യബന്ധന

യാനങ്ങളെ എൽ.പി.ജി എഞ്ചിനുകളാക്കി മാറ്റുന്നതിനായി 3 കോടി 55 ലക്ഷം രൂപയുടെയും 1000 മണ്ണെണ്ണ എഞ്ചിനുകൾ പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്നതിന് 1000 ലക്ഷം രൂപയുടെയും പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. മരത്തടിയിൽ നിർമ്മിച്ചതും 40 അടിയിൽ താഴെ നീളമുള്ളതും 200 HP-യിൽ താഴെ പ്രൊപ്പൽഷനുള്ളതുമായ 30 പരമ്പരാഗത യാനങ്ങളെ സ്റ്റീൽ നിർമ്മിത യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളാക്കി നവീകരിക്കുകയും 500 മത്സ്യബന്ധന യാനങ്ങളിൽ VHF മറൈൻ റേഡിയോ ഘടിപ്പിക്കുകയും മത്സ്യങ്ങളുടെ സാന്നിധ്യം കൃത്യമായി കണ്ടുപിടിക്കുന്നതിനായി 550 മൗണ്ടിംഗ് ജി.പി.എസുകൾ നൽകുകയും ചെയ്തിട്ടുണ്ട്. മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് 2024-25-ൽ 800 ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ നൽകുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് അനുയോജ്യമായ വിവിധതരം ചൂണ്ടകളും നൂലും നൽകുന്ന പദ്ധതിക്കുപുറമെ പരമ്പരാഗത മത്സ്യബന്ധന യാനങ്ങളിൽ 941 നാവിക് ഉപകരണങ്ങളും 168 സാറ്റലൈറ്റ് ഫോണുകളും 320 എഫ്.ആർ.പി. യാനങ്ങളും ട്രാൻസ്പോണ്ടറുകളും വിതരണം ചെയ്തും മത്സ്യബന്ധനം സുഗമമാക്കിവരുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം 2

കോടി രൂപ ഇൻഷ്വറൻസ് പരിരക്ഷയ്ക്കായി ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് ലോംഗ് ലൈൻ ഫിഷിംഗ്, ഗിൽ നെറ്റിംഗ് എന്നിവ സംബന്ധിച്ച് പരിശീലനം നൽകുകയും ആഴക്കടൽ മത്സ്യബന്ധന യാനങ്ങളുടെ പ്രവർത്തനം, ആനുകാലികമായി നടത്തേണ്ട അറ്റകുറ്റപ്പണികൾ സംബന്ധിച്ചുള്ള വിവരങ്ങൾ എന്നിവ ഉൾപ്പെടുന്ന പ്രവർത്തന മാനുവൽ നൽകുന്നതിന് കൊച്ചിൻ ഷിപ്പ്യാർഡിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, എഞ്ചിൻ ഡ്രൈവർ, സ്രാങ്ക്, ഡെക്ക് ഹാൻഡ് എന്നിവർക്ക് പരിശീലനം നൽകുന്ന പദ്ധതിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. മത്സ്യഗ്രാമങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കെ.എം.എഫ്.ആർ. നിയമങ്ങളും ചട്ടങ്ങളും മത്സ്യബന്ധന യാനങ്ങളിൽ അവശ്യം ഉണ്ടായിരിക്കേണ്ട വാർത്താ വിനിമയ ജീവൻ രക്ഷാ ഉപകരണങ്ങൾ, കടൽ രക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, സമുദ്ര ആവാസ വ്യവസ്ഥയുടെ പരിപാലനവും സംരക്ഷണവും തുടങ്ങിയ വിഷയങ്ങളിൽ സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ മുഖാന്തരം പരിശീലനം നൽകിയിട്ടുണ്ട്. കൊച്ചിൻ ഷിപ്പ്യാർഡ് നിർമ്മിച്ച യാനങ്ങളുടെ അപാകത പരിഹരിക്കുന്നതിന് ഇടപെടൽ നടത്തുമെന്നും എല്ലാ മണ്ണെണ്ണ എഞ്ചിനുകളും ഘട്ടംഘട്ടമായി എൽ.പി.ജി./പെട്രോൾ/ഡീസൽ എഞ്ചിനിലേയ്ക്ക്

മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും വേലിയേറ്റ രേഖയിൽനിന്ന് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി 2450 കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ടെന്നും ലൈഫ് മിഷൻ/പുനർഗേഹം പദ്ധതികൾവഴി നാളിതുവരെ 12830 വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും 1100 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണെന്നും തീരദേശ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 136 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

33(*214) <u>പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റ്</u>

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമം വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) നൽകിയ മറുപടിയിൽ, പട്ടികജാതി വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് ഇ-ഗ്രാന്റ്സ് ഇനത്തിൽ 2024-25-ൽ വകയിരുത്തിയ 223 കോടി രൂപയിൽനിന്നും കുടിശ്ശിക ഇനത്തിൽ 30 കോടി രൂപ വിതരണം ചെയ്തിട്ടുണ്ടെന്നും അധിക ധനസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ഗ്രാന്റ് നിർത്തലാക്കിയിട്ടില്ലെന്നും

വിദ്യാഭ്യാസാനുകൂല്യങ്ങൾ കുടിശ്ശിക വരുത്താതെ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. വിദ്യാഭ്യാസാനുകൂല്യങ്ങൾ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം (SNA-PFMS) മുഖേന നൽകുന്നതിന് സാങ്കേതിക സഹായം വൈകിയതും അപേക്ഷ സമർപ്പിക്കുന്നതിൽ വിദ്യാർത്ഥികളും ഫോർവേർഡ് ചെയ്യുന്നതിൽ സ്ഥാപനങ്ങളും വരുത്തിയ കാലതാമസവുംമൂലം സ്കോളർഷിപ്പ് വിതരണത്തിൽ കുടിശ്ശിക വന്നെങ്കിലും വിവിധ സർവകലാശാലകളുടെയും പ്രധാന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഏകീകരിച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടെന്ന് മന്ത്രി അറിയിച്ചു.